**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2247** **14-10-2024 - ൽ മറുപടിയ്ക്ക്**

**എക്സൈസ് വകുപ്പിൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഐ. സി. ബാലകൃഷ്ണൻ** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | എക്സൈസ് സ്പെഷ്യൽ റൂൾസിൽ ബോർഡ് യൂണിറ്റിലേയും എക്സൈസ് ഇന്റലിജൻസിലേയും സ്പെഷ്യൽ യൂണിറ്റിലേയും ജീവനക്കാർക്ക് നിഷ്കർഷിച്ചിരിക്കുന്ന കാലാവധി എത്രയാണെന്ന് വ്യക്തമാക്കാമോ; ഈ കാലാവധി കൃത്യമായി പാലിക്കുന്നുണ്ടോ; ഈ കാലാവധി കഴിഞ്ഞും ജോലിയിൽ തുടരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കേരള എക്സൈസ് പ്രോഹിബിഷൻ സബോർഡിനേറ്റ് സർവീസസ് സ്പെഷ്യൽ റൂൾസ് ചട്ടം 10 ൽ സ്പെഷ്യൽ യൂണിറ്റുകളിലെ (ബോർഡ് യൂണിറ്റ്) കാലാവധി കുറഞ്ഞത് 3 വർഷമാണെന്ന് പ്രതിപാദിച്ചിട്ടുണ്ട്. 27/06/2024-ലെ F1/262/2023/TD നമ്പർ സർക്കാർ നിർദേശ പ്രകാരം സ്പെഷ്യൽ യൂണിറ്റുകളിലെ (ബോർഡ് യൂണിറ്റ്) കാലാവധി രണ്ടു വർഷമായി നിജപ്പെടുത്തിയിരുന്നു. എന്നാൽ ഇത്തരത്തിൽ കാലാവധി രണ്ടു വർഷമായി നിജപ്പെടുത്തിയത് വകുപ്പിലെ വിശേഷാൽ ചട്ടത്തിന് വിരുദ്ധമായതിനാൽ സ്പെഷ്യൽ യൂണിറ്റുകളിലെ (ബോർഡ് യൂണിറ്റ്) കാലാവധി മൂന്ന് വർഷമായി പുനർനിശ്ചയിക്കുന്നതിനായി എക്സൈസ് കമ്മീഷണർ സമർപ്പിച്ച അപേക്ഷ സർക്കാരിന്റെ പരിഗണനയിലാണ്. ബോർഡ് യൂണിറ്റ് കാലാവധി പൂർത്തിയാക്കിയ ജീവനക്കാർക്ക് പകരം ബന്ധപ്പെട്ട ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ ലഭ്യമാക്കുന്ന സീനിയോറിറ്റി ലിസ്റ്റിൽ നിന്നും ജീവനക്കാരെ നിയമിച്ച് വരുന്നു . |
| (ബി) | എക്സൈസ് വകുപ്പിൽ വാഹനങ്ങൾ ലേലം ചെയ്യാതെ കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വാഹനങ്ങൾ സമയബന്ധിതമായി ലേലം ചെയ്യുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | ഉണ്ട്. എക്സൈസ് കേസുകളിലുൾപ്പെട്ട വാഹനങ്ങളുടെ ലേല നടപടികൾ MSTC മുഖാന്തിരം ഓൺലൈൻ പ്ലാറ്റ്ഫോമിലാണ് നടത്തിവരുന്നത്. ഓരോ വാഹനത്തിനും നിശ്ചയിക്കപ്പെട്ടിട്ടുള്ള Upset Value അടിസ്ഥാനപ്പെടുത്തി രണ്ട് പ്രാവശ്യം ലേലം ചെയ്യുന്നതിനുശേഷവും പ്രസ്തുത തുകയ്ക്ക് ലേലം കൊള്ളാൻ ആരും തയ്യാറാകാത്ത സാഹചര്യം ഉണ്ടാവുകയാണെങ്കിൽ പ്രസ്തുത തുകയുടെ പരമാവധി 50% വരെ ഓരോ കേസിന്റെയും യോഗ്യതയുടെ അടിസ്ഥാനത്തിൽ കുറച്ച് നൽകുവാൻ Mechanical Division Executive Engineer നെ അധികാരപ്പെടുത്തിക്കൊണ്ടും, എന്നിട്ടും ലേലം |

| | | | |
|---|---|---|---|
| | | | കൊള്ളാൻ ആളില്ലാതെ വരുന്ന സാഹചര്യത്തിൽ Quote ചെയ്യപ്പെട്ട ഉയർന്ന തുകയ്ക്ക് ലേലം സ്ഥിരപ്പെടുത്താൻ Chief Engineer Mechanical Division നെ അധികാരപ്പെടുത്തിക്കൊണ്ടും 14.11.2022 തീയതിയിലെ ധനകാര്യ (വ്യയം-ബി) വകുപ്പിന്റെ സ.ഉ.(കൈ)നം.202/2022/ധന. പ്രകാരം സർക്കാർ ഉത്തരവായിട്ടുള്ളതാണ്. ഇത്തരത്തിൽ വാഹനങ്ങൾ സമയബന്ധിതമായി ലേലം ചെയ്യുന്നതിന് അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | കേസുകളിൽ ഉൾപ്പെട്ട വാഹനങ്ങളുടെ കെമിക്കൽ റിസൽട്ട് ലാബിൽ നിന്നും അടിയന്തരമായി ലഭ്യമാക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (സി) | എക്സൈസ് കേസുകളിൽ കെമിക്കൽ എക്സാമിനേഷൻ റിസൾട്ട് ലാബിൽ നിന്നും അടിയന്തരമായി ലഭ്യമാക്കുന്നതിന് കെമിക്കൽ ലാബുകളിൽ ലെയ്സൺ ഓഫീസർമാരെ എല്ലാ ഡിവിഷനുകളിൽ നിന്നും നിയമിച്ചിട്ടുണ്ട്. വാഹനങ്ങൾ ഉൾപ്പെട്ട കേസ്സുകളിൽ രാസ പരിശോധനാ ഫലം അടിയന്തരമായി ലഭ്യമാക്കുന്നതിന് ചീഫ് കെമിക്കൽ എക്സാമിനർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. വാഹനങ്ങൾ ഉൾപ്പെട്ട കേസുകളിൽ രാസപരിശോധന ഫലം വേഗത്തിൽ ലഭ്യമാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ